കേരള സർക്കാർ

# വേങ്ങൂർ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

| | |
|---|---|
| നം.കെ.എസ്.എ.-<br>ഇ.കെ.എം(പി.2)2243/2016 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,<br>സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030<br>ഫോൺ : 0484 – 2422271<br>email:doekm.ksad@kerala.gov.in |
| ജോയിന്റ് ഡയറക്ടർ | തീയതി : 31.01.2017 |

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും 3ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

<u>പകർപ്പ്</u> :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം),
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3. കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-
ഇ.കെ.എം(പി.2)2243/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 31.01.2017

# എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. പഞ്ചായത്ത് 1/4/15മുതൽ 22/12/16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായ ത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ ർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തി ന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു,ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ 30.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സ്റ്റാർ പി.ജോൺ,അസി.ഓഡിറ്റ് ഓഫീസർ |
| | നവാസ് .സി. എം,ഓഡിറ്റർ |
| | മായ കൃഷ്ണൻ,ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പ്രസന്നകുമാരി വാസു | 1.4.15മുതൽ 31.10.15 വരെ |
| | എം.എം.ഷാജി | 01.11.15മുതൽ 31.03.16 വരെ |
| സെക്രട്ടറി | കെ.മുരളീധരൻ | 1.4.15മുതൽ 20.07.15 വരെ |
| | ബേബി പോൾ | 21.7.15മുതൽ 31.03.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ജാനറ്റ് പോൾ | 1.4.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഇ.സൈനബ | 1.4.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ക്രിസ്റ്റി ജോസ് | 1.4.15മുതൽ31.03.16വരെ |
| വെറ്ററിനറി സർജൻ | എബ്രാഹാം വി റാഫേൽ | 1.4.15മുതൽ31.03.16വരെ |
| അസി.എഞ്ചിനീയർ | അനു ബേബി | 1.4.15മുതൽ31.03.16വരെ |
| കൃഷി ഓഫീസർ | സിന്ധു .എസ് | 1.4.15മുതൽ31.03.16വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | അന്നമ്മ വർഗ്ഗീസ് | 1.4.15മുതൽ30.12.15വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സൈനബ | 1.1.16മുതൽ31.03.16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഫ്രാൻസീസ് ജോൺ | 1.4.15മുതൽ31.03.16വരെ |
| വി.ഇ.ഒ | ടി.കെ.വർഗ്ഗീസ് | 1.4.15മുതൽ17.06.15വരെ |
| വി.ഇ.ഒ | മുകുൾ .എസ് .വി | 18.6.15മുതൽ31.03.16വരെ |
| ഹെഡ്മിസ്ട്രസ്സ് | ആശാലത. എം.. | 1.4.15മുതൽ 31.03.16വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം **- 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം **- 2** | |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല – നഷ്ടം ₹.52881/- | 2-1 |

| | | |
|---|---|---|
| 13 | തൊഴിൽ നികുതി-ഈടാക്കിയില്ല | 2-2 |
| 14 | കെട്ടിട വാടക പുതുക്കുന്നില്ല | 2-3 |
| | ഭാഗം **- 3** | |
| 15 | തെരുവു വിളക്ക് - എൽ. ഇ.ഡി. ലാംപ് വാങ്ങൽ - മാനദണ്ഡം പാലിച്ചില്ല | 3-1 |
| 16 | വാല്യേഷനിലും അധികം തുക നൽകി | 3-2 |
| 17 | തൊഴുത്ത് നിർമ്മാണം | 3-3 |
| 18 | ഇനം വാങ്ങി വിതരണം ചെയ്തിട്ടില്ല | 3-4 |
| 19 | റിവോൾവിംഗ് ഫണ്ട് - തുക അക്കൗണ്ടുകളിൽ നിക്ഷേപിച്ചതിന് രേഖയില്ല | 3-5 |
| 20 | നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-6 |
| 21 | കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് ആട് – ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 |
| 22 | കുടിവെള്ള കണക്ഷൻ | 3-8 |
| 23 | പി.വി.ഐ.പി-യുടെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് മരാമത്ത് പ്രവൃത്തി | 3-9 |
| 24 | വിനിയോഗ സാക്ഷ്യപത്രം | 3-10 |
| 25 | അങ്കണവാടികളുടെ വെള്ളക്കരം കുടിശ്ശിക അടച്ചത് | 3-11 |
| 26 | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല | 3-12 |
| 27 | പാലിയേറ്റീവ് കെയർ -അപാകതകൾ | 3-13 |
| 28 | നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു | 3-14 |
| | ഭാഗം **- 4** | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് -2015-16 | അനുബന്ധം-1 |
| 39 | ബാലൻസ് ഷീറ്റ് -2015-16 | അനുബന്ധം-2 |
| 40 | റസീപ്റ്റ്&പേയ്മെൻറ് സ്റ്റേറ്റ്മെന്റ് -2015-16 | അനുബന്ധം-3 |
| 41 | ഇൻകം&എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് -2015-16 | അനുബന്ധം-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26/03/2015 തീയതിയിലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | യഥാർത്ഥിൽ | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വരവ് | 154239539 | 38957516 | 115282023 | 25.25% |
| ചെലവ് | 153268188 | 61366412 | 91901776 | 40.03% |

ബജറ്റ് പ്രകാരമുള്ള വരവുംചെലവും യഥാർത്ഥ വരവുംചെലവും തമ്മിൽ വലിയ അന്തരമുണ്ട്.കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2015 | 30/06/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,80,87,753 |
| വരവ് | 3,89,57,516 |
| ആകെ | 6,70,45,269 |
| ചെലവ് | 6,13,66,412 |
| നീക്കിയിരിപ്പ് | 56,78,857 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ടി.സി. ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു | 4385392 | 12296292 | 16681684 | 16681684 | 0 | 0 | 100% |

| | | | | | | | |
|---|---|---|---|---|---|---|---|
| വിഭാഗം | | | | | | | |
| വികസന ഫണ്ട് എസ്.സി.പി. | 1764696 | 2001628 | 3766324 | 2646609 | 1119715 | 0 | 100% |
| വികസന ഫണ്ട് ടി.എസ്.പി. | 543701 | 347558 | 891259 | 353958 | 537301 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 5511885 | 7641320 | 13153205 | 13153205 | 0 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1921495 | 925957 | 2847452 | 2847452 | 0 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3925931 | 7238402 | 11164336 | 7471068 | 3693268 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 5497889 | 4191707 | 9689596 | 5055947 | 4633649 | 0 | 100% |
| എം.എൻ.ആർ.ഇ.ജി.എസ്. | 193750 | 21655525 | 21849275 | 21841747 | 0 | 7528 | 99.96% |
| ബി ഫണ്ട് | 0 | 731827 | 731827 | 731827 | 0 | 0 | 100% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 78226624 | 165 | 49661973 | 0 | 45 | 78.57% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.25% കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2978808 | 2706204 | 272604 | (-) 9.15% |
| നികുതിയേതര വരവുകൾ | 526386 | 581475 | 55089 | (+)10.46% |
| മറ്റുവരവുകൾ | 47837 | 78692 | 30855 | (+) 64.50% |
| ആകെ | 3553031 | 3366371 | 186660 | (-) 5.25% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135960 | 81 |
| കർഷകതൊഴിലാളി പെൻഷൻ | 10520940 | 1224 |
| വിധവാപെൻഷൻ | 7089200 | 672 |
| വാർദ്ധക്യകാലപെൻഷൻ | 6707160 | 795 |
| വികലാംഗപെൻഷൻ | 2574545 | 251 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 444040 | 42 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 360000 | 672 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016- ന് അസി.സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41,907/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. വസ്തു നികുതി - വസ്തുനികുതി രജിസ്റ്റർ പൂർണ്ണമല്ല. ഫയലുകൾ വാർഡ് ക്രമത്തിൽ പരിപാലിക്കാത്തതിനാൽ പരിശോധന ദുഷ്കരമാണ്.

2 ഡി&ഒ - ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കാത്തതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി പിരിച്ചതായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. വാർദ്ധക്യകാല പെൻഷൻ - വരുമാന പരിധി വിധേയമാക്കാതെയാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നല്കിയിരിക്കുന്നത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി, സാധാരണക്കാരും നിരാലംബരുമായ വയോജനങ്ങൾക്ക് വേണ്ടിയുള്ള ആനുകൂല്യം അനർഹരായ വ്യക്തികളുടെ കൈയിൽ എത്തുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.4.16 to 15.4.16 | 03/2016 | 18.5.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.1.14 to 22.1.14 | 2006-07 to 2012-13 | 26.2.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല - നഷ്ടം ₹.52,881/-

2015-16 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 7 മൊബൈൽ ടവറുകളിൽ ഒന്നിൽ നിന്നും മാത്രമാണ് വസ്തു നികുതി പിരിച്ചത്. തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വരവ് നഷ്ടം വരുന്നത് ഒഴിവാക്കേണ്ടതാണ്. 2015-16 വർഷം പിരിച്ചെടുക്കാത്തത് സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ പേര് | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി |
|---|---|---|---|
| 1 | ഇൻഡസ് ടവർ ലിമിറ്റഡ്,മേയ്ക്കപ്പാല | 12 $m^2$ | 6930 |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് പാണംകുഴി | 15$m^2$ | 10238 |
| 3 | എസ്സാർ ടെലികോം, പാണംകുഴി | 15$m^2$ | 10238 |
| 4 | വോഡഫോൺ എസ്സാർ,വേങ്ങൂർ | 17$m^2$ | 10670 |
| 5 | എം എസ് റിലയൻസ്, നെട്ടുങ്ങപ്ര | 14$m^2$ | 9555 |
| 6 | ഐഡിയ കമ്മ്യൂണിക്കേഷൻസ് കോടംപിള്ളി | 10$m^2$ | 5250 |
| ആകെ | | | 52881 |

2015-16 വർഷം ഈടാക്കാത്ത തുകയായ 52881/- രൂപ, ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യക്തിഗത തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ നാളിതുവരെ ഈടാക്കിയിട്ടില്ല. വിവരം ചുവടെ :-

| നം | സൊസൈറ്റി നമ്പർ | സ്ഥലം |
|---|---|---|
| 1 | ഇ18(ഡി) ആപ്കോസ് | പാണംകുഴി |
| 2 | ഇ216(ഡി) ആപ്കോസ് | പാണേലി |
| 3 | ഇ21(ഡി) ആപ്കോസ് | വേങ്ങൂർ |
| 4 | ഇ226(ഡി) ആപ്കോസ് | കൊമ്പനാട് |
| 5 | ഇ323(ഡി) ആപ്കോസ് | ഇടത്തുരുത്ത് |
| 6 | ഇ333(ഡി) ആപ്കോസ് | മേക്കപ്പാല |
| 7 | ഇ18(ഡി) ആപ്കോസ് | നെട്ടുംപാറ |

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതിയിനത്തിൽ ലഭിക്കേണ്ട തുക വരും കാലങ്ങളിൽ ഈടാക്കി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട വാടക പുതുക്കുന്നില്ല

ഗ്രാമപഞ്ചായത്തിനു കീഴിൽ 'സെക്രട്ടറി, പി.ഡി.ഡി.പി. സൊസൈറ്റി, തുരുത്തി'യ്ക്കു വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിട നമ്പർ V/9A-യുടെ വാടക 2011-12വർഷം 276/- ആയി നിശ്ചയിച്ചിട്ടുള്ളത് നാളിതു വരെ പുതുക്കിയിട്ടില്ല. ടി-കെട്ടിടത്തിൻെറ വാടക വർഷിക വർദ്ധനവ് വരുത്തേണ്ടതും പ്രതിവർഷം ഈയിനത്തിൽ ലഭിക്കേണ്ട വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്ക് - എൽ.ഇ.ഡി. ലാംപ് വാങ്ങൽ - മാനദണ്ഡം പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | SOO155/16 |
| അടങ്കൽ | 200000 |
| ചെലവ് | 200000/- |
| ബിൽ നം./ഡി.ഡി.നം. | 30/15-16 തീ. 28-10-2015,(ലോക ബാങ്ക് സഹായം)<br>₹.200000/- (229581 / 01.11.2015 ) |
| നിർവ്വഹണം | സെക്രട്ടറി |

1. “ജി.ഒ.(ആർ.ടി.)5/14 spd dt.18.8.14 പ്രകാരം കെൽട്രോൺ സ്വയം നിർമ്മിച്ച എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ ഒന്നിന് 1750- രൂപ വീതം (നികുതി ഉൾപ്പെടെ ) സർക്കാർ / ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്ക് 18.8.14 മുതൽ ഒരു വർഷത്തേയ്ക്ക് വാങ്ങാം" എന്നാണ്. എന്നാൽ വേങ്ങൂർ ഗ്രാമ പഞ്ചായത്ത് 2015-16 വർഷം ടെൻഡർ ക്ഷണിച്ച് തെരുവു വിളക്കിന് എൽ.ഇ.ഡി. ലാംബ് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ടെൻഡർ ക്ഷണിച്ചതിൽ 2,299/- രൂ. ക്വോട്ടു ചെയ്ത സൊളനെർജീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച നല്കി. ബിൽ പ്രകാരം (No.SOLCB/822/15-16 Dated 26-08-2016) ഒരു എൽ.ഇ.ഡി. ലാംബിന് 2,299 രൂപയാണ് നല്കിയിട്ടുള്ളത്. ഉത്തരവിനു വിരുദ്ധമായി പ്രോജക്റ്റ് നടപ്പാക്കിയതിനാൽ താഴെപ്പറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

| ഇനം | നല്കിയ തുക | നല്കാവുന്ന തുക | അധികം നല്കിയ തുക |
|---|---|---|---|
| LED Lamp(257) | 87X 2189.52= 190488.24 | 87X1750= 152250 | 38238.24 |
| Tax | 9524.41 | | 9524.41 |
| ആകെ അധികം നല്കിയ തുക | | | 47762.65 |

2. 16.11.2013 തീയതിയിലെ സ.ഉ.(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിരുവനന്തപുരം പ്രകാരമുളള 12ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഖണ്ഡിക-7-9 ൽ എൽ.ഇ.ഡി. ലൈറ്റുകൾ കെൽട്രോണിൽ നിന്നും വാങ്ങണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്റ്റ് പ്രകാരം വാങ്ങിയത് മാർഗ്ഗരേഖ പ്രകാരമല്ല.

3. പ്രോജക്റ്റ് പ്രകാരം 100 എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങുവാനാണ് തുക വകയിരുത്തിയത്. എന്നാൽ നിർവ്വഹണത്തിൽ 87 എണ്ണം മാത്രമാണ് വാങ്ങിയത്. ആയതിനാൽ ഇതിൽ പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല. ആകെ അധികം നല്കിയ 47,762.65 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

## 3-2 വാല്വേഷനിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് | വനിതാ വീട് പുനരുദ്ധാരണം |
| പ്രോജക്റ്റ് നം | SO0014/16 |
| ആടങ്കൽ | 4,50,000/- |
| ചെലവ് | 2,65,000/- |

| | |
|---|---|
| ബിൽ നം./ചെക്ക് നം. | 150367 / 04.04.2016 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

വീട് പുനരുദ്ധാരണത്തിനായി 15000/- രൂപ ശ്രീമതി കൗസല്യ നാരായണൻ. തോമ്പ്രക്കുടി, കൊമ്പനാട്, എന്ന ഗുണഭോക്താവിന് ചെക്ക് നം 150367 / 04.04.2016 പ്രകാരം 15000/- രൂപ നൽകിയിട്ടുണ്ട്. വീട് പുനരുദ്ധാരണത്തിന്റെ വാലേഷൻ നൽകിയിരിക്കുന്നത് ഓവർസിയർ ആണ്. ആയതിൽ 14582/- രൂപയാണ് വാലേഷനായി രേഖപ്പെടുത്തിയിട്ടുള്ളത്. നൽകിയ തുകയിൽ കുറഞ്ഞ ചെലവിലാണ് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അധികമായി നൽകിയ 418/-രൂ. ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 തൊഴുത്ത് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് | തൊഴുത്ത് നിർമ്മാണം (എസ്.സി.പി.) |
| പ്രോജക്ട് നം | SO 053/16 |
| അടങ്കൽ | 300000/- |
| ചെലവ് | 240000/-(120000/- ഗുണഭോക്തൃ വിഹിതം ) |
| ബിൽ നം./ചെക്ക് നം. | 1.9/15-16-120000/-26-03-2016 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

പ്രത്യേക ഘടക പദ്ധതിയിൽപ്പെട്ട (എസ്.സി.പി.) ഈ പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 10,000/- രൂപ വീതമാണ് നൽകിയത്. അപേക്ഷ സംബന്ധിച്ച ഫയലിൽ ഗുണഭോക്താക്കളുടെ താഴെപ്പറയുന്ന രേഖകൾ ഇല്ല :-

| നം. | ഗുണഭോക്താവിന്റെ പേര് | അപാകതകൾ | ഡി.ഡി. വിവരം. |
|---|---|---|---|
| 1 | ടി.കെ. അയ്യപ്പൻ, തോമ്പ്രപുരയിടം, കൊമ്പനാട് | ജാതി,വരുമാന, വാല്യവേഷൻ, സർട്ടിഫിക്കറ്റുകൾ, കൈപ്പറ്റ് രസീത് എന്നിവയില്ല | വിവരം ലഭ്യമല്ല |
| 2 | രാധാമണി യശോധരൻ, പാറയിൽ,വേങ്ങൂർ | ജാതി,വാല്യവേഷൻ സർട്ടിഫിക്കറ്റുകൾ, കൈപ്പറ്റ് രസീത് എന്നിവയില്ല | വിവരം ലഭ്യമല്ല |
| 3 | വിജയൻ.കെ.പി.,കണിയാം കുടി, കൊമ്പനാട് | കൈപ്പറ്റ് രസീത് ഇല്ല. | 150717/ 05.4.16 |
| 4. | തങ്കമ്മ ഗോപാലൻ, വാരിക്കാടൻ കൊമ്പനാട് | ജാതി സർട്ടിഫിക്കറ്റില്ല | 150716/ 05-04-16 |
| 5 | പി.വി.മോഹനൻ,പുത്തൻപുര കൊമ്പനാട്. | ജാതി, വരുമാന, വാല്യവേഷൻ, സർട്ടിഫിക്കറ്റുകളില്ല | 150720/ 05-04-16 |
| 6 | പി.എം.രവി, പണിക്കരുകുടി, കൊമ്പനാട് | വരുമാന സർട്ടിഫിക്കറ്റില്ല | 150718/ 05-04-16 |

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 2,40,000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ഉപകരണങ്ങൾ വാങ്ങിയത് പൂർണ്ണമായും വിതരണം

## ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര |
| പ്രോജക്ട് നം | SO016/16 |
| അടങ്കൽ | ₹.3,20,000/- |
| ചെലവ് | ₹.2,21,000/- |
| ബിൽ നം./ചെക്ക് നം. | 1.34/15-16 / 26.03.2016 - ₹.1,87,000/-<br>2.37/15-16 / 29.03.2016 - ₹. 34,000/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി. |

പ്രോജക്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ 65 എണ്ണം വീതം കോതമംഗലത്തുള്ള താഴത്തെവീട്ടിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ 64 പേർക്കാണ് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തത്. മേശയ്ക്ക് 2,450/- രൂപയും കസേരയ്ക്ക് 950/- രൂപയുമാണ് ഒരെണ്ണത്തിന്റെ വില. വിതരണം ചെയ്യാത്ത മേശ,കസേര എന്നിവയുടെ വിലയിനത്തിലെ 3,400/- രൂപയുടെ (2,450 + 950) ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 റിവോൾവിംഗ് ഫണ്ട് - തുക അക്കൗണ്ടുകളിൽ നിക്ഷേപിച്ചതിന് രേഖയില്ല

2015-16 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് പ്രോജക്ടുകൾക്ക് (രണ്ട് പ്രോജക്ടുകൾ) തുക നൽകിയത് സംബന്ധിച്ച് രേഖയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ.

| | |
|---|---|
| പ്രോജക്ട് | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്(പുതിയത്) |
| പ്രോജക്ട് നം | SO00015/16 |
| ആടങ്കൽ | 90000/- |
| ചെലവ് | 90000/- |
| ബിൽ നം./ചെക്ക് നം. | 40/15-16/30-03-2016 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ബി.

| | |
|---|---|
| പ്രോജക്ട് | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്(സ്പിൽ ഓവർ) |
| പ്രോജക്ട് നം | SO000162/16 |
| ആടങ്കൽ | 50000/- |
| ചെലവ് | 50000/- |
| ബിൽ നം./ചെക്ക് നം. | 38/15-16/ 30-03-2016-17354<br>39/15-16/30-03-2016-32646 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തിയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ തുക ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിൽ വരവ് വന്നത് സംബന്ധിച്ച് രേഖയില്ല. പ്രോജക്ടുകൾ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്ന തുകയും ബാങ്ക് നൽകുന്ന വായ്പയും ലിങ്ക്

ചെയ്യാണ് പോകുന്നത്. 30.03.2016 തീയതി ട്രഷറി ബിൽ പ്രകാരം മാറിയ തുക ഇപ്രകാരം അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി അപാകത നിലനിൽക്കുന്നതിനാൽ ഈയിനത്തിലുള്ള 140000/- രൂപയുടെ (90000+50000) ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

എ.

| | |
|---|---|
| പ്രോജക്ട് | കന്നുകാലികൾക്ക് വന്ധ്യതാ നിവാരണം |
| പ്രോജക്ട് നം | SO049/16 |
| അടങ്കൽ | 40000/- |
| ചെലവ് | 35000/- |
| ബിൽ നം./ചെക്ക് നം. | 5/15-16 13-10-2015 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മരുന്ന് വാങ്ങിയതിന് മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് കോതമംഗലത്തുള്ള യുണൈറ്റഡ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് നേരിട്ട് വാങ്ങിയത്.

ബി.

| | |
|---|---|
| പ്രോജക്ട് | വെറ്ററിനറി ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | SO050/16 |
| അടങ്കൽ | 40000/- |
| ചെലവ് | 40000/- |
| ബിൽ നം./ചെക്ക് നം. | 6/15-16-26-03-2016 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മരുന്ന് വാങ്ങിയതിന് മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് കോതമംഗലത്തുള്ള യുണൈറ്റഡ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങിയത്. ആയതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 75000/- രൂപയുടെ (35000+40000) ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് ആട് - ചെലവ് തടസ്സപ്പെടുത്തുന്നു.

കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് ആട് പ്രോജക്ടിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് ആട് |
| പ്രോജക്ട് നം | SO164/16 |
| അടങ്കൽ | 331620/- |
| ചെലവ് | 58380/-(29190/- ഗുണഭോക്തൃ വിഹിതം ) |
| ബിൽ നം./ചെക്ക് നം. | 1/15-16 – 22-02-2016- 29190/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

1. ആടുകളെ വാങ്ങിയത് സംബന്ധിച്ച് മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. 16.11.2012-ലെ സ.ഉ. നം. (പി) 362/2013/തസ്വഭവ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയുടെ, അനുബന്ധം 3.2(2) (മൃഗസംരക്ഷണം / ക്ഷീരവികസനം) 'പെണ്ണാട്' എന്ന

ഇനത്തിൽ ആട്ടുകളെ വാങ്ങുന്നതിന് വേണ്ടിയുള്ള മാനദണ്ഡങ്ങൾ ഈ പ്രൊജക്ടിൽ പാലിച്ചിട്ടില്ല .
2. ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ആട്ടുകൾക്ക് ഇൻഷ്വറൻസ് എടുത്തിട്ടില്ല.
മേൽ വിവരിച്ച അപാകത നിലനിൽക്കുന്നതിനാൽ 58,380/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 കുടിവെള്ള കണക്ഷൻ

| | |
|---|---|
| പ്രോജക്ട് | കുടിവെള്ള കണക്ഷൻ (ജനറൽ) |
| പ്രോജക്ട് നം | SO00161/16 |
| അടങ്കൽ | 120000/- |
| ചെലവ് | 84000/- |
| ബിൽ നം./ചെക്ക് നം. | 145497/28.01.2016(4000/-) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ശ്രീമതി.ഓമന പാപ്പൂട്ടൻ, വാഴപ്പിള്ളി, വേങ്ങൂർ.പി.ഒ. എന്ന ഗുണഭോക്താവിന് വാട്ടർ കണക്ഷന് വേണ്ടി 4,000/- രൂപ ഡി.ഡി.നം. 145497 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവ് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് വാട്ടർ അതോരിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖകളില്ല. മേൽ അപാകത നിലനിൽക്കുന്നതിനാൽ ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 പി.വി.ഐ.പി-യുടെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് മരാമത്ത് പ്രവൃത്തി.

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ പി.വി.ഐ.പി-യുടെ കനാൽ കടന്നുപോകുന്നതും, ഉടമസ്ഥതയിലുള്ളതും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ ഭാഗങ്ങളിലാണ് നടപ്പിലാക്കിയിരിക്കുന്നത്. വിശദവിവരം ചുവടെ :-

1.

| | |
|---|---|
| പ്രോജക്ട് | കൊമ്പനാട് ചൂരമുടി -കനാലിൽ പാലം നിർമ്മാണം |
| പ്രോജക്ട് നം. | S0107/15-16 |
| അടങ്കൽ | 600000/- |
| ചെലവ് | 56160/- |
| ബിൽ. നം,തീ./ ഡി.ഡി.നം | 227069/30.9.15 |
| അളവ് പുസ്തകം | 54/15-16 |
| കൺവീനർ | സോജൻ എൻ ജോർജ്ജ് |
| എഗ്രിമെൻറ് | 43/AE/LSGD/VNGR/14-15/DT.23/01/15 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

2.

| | |
|---|---|
| പ്രോജക്ട് | കോഴിക്കോട്ട് കുളങ്ങര -വെട്ടുവിളവ്-കൊമ്പനാട്-പുതുമന-പാണംകുഴി പി വി ഐ പി-കനാൽബണ്ട് റോഡ്(സോളിംഗ്) |
| പ്രോജക്ട് നം. | S089/15-16 |
| അടങ്കൽ | 500000/- |
| ചെലവ് | 468538/- |

| | |
|---|---|
| ബിൽ. നം,തീ./ ഡി.ഡി.നം | 222597/01.07.15 |
| അളവ് പുസ്തകം | 25/14-15 |
| കൺവീനർ | അനീഷ് ജേക്കബ് |
| എഗ്രിമെൻെറ് | 14/AE/LSGD/VNGR/14-15/DT.05/12/14 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

3.

| | |
|---|---|
| പ്രോജക്റ്റ് | വാർഡ്-7-നെടുങ്ങപ്ര കനാൽ പാലം റോഡ് (സോളിംഗ്)ഇല്ലപിള്ളിൽ റോഡ് സോളിങ്ങ് |
| പ്രോജക്റ്റ് നം. | S0147/15-16 |
| അടങ്കൽ | 550000/- |
| ചെലവ് | 509082/- |
| ബിൽ.നം,തീ. / ഡി.ഡി.നം | 222601/01.07.2015 |
| അളവ് പുസ്തകം | 46/15-16 |
| കൺവീനർ | ജിറ്റോ കെ ബേബി |
| എഗ്രിമെൻെറ് | 36/AE/LSGD/VNGR/14-15/DT.23/01/15 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

4.

| | |
|---|---|
| പ്രോജക്റ്റ് | നെടുങ്ങപ്ര കനാൽ പാലം റോഡ്-കോടനാട് കനാൽബണ്ട് റോഡ് |
| പ്രോജക്റ്റ് നം. | S0108/15-16 |
| അടങ്കൽ | 500000/- |
| ചെലവ് | 413993/- |
| ബിൽ. നം,തീ./ ഡി.ഡി.നം | 52/15-16,29.02.16 |
| അളവ് പുസ്തകം | 57/15-16 |
| കൺവീനർ | കെ.പി .പൗലോസ് |
| എഗ്രിമെൻെറ് | 57/AE/LSGD/VNGR/15-16/DT.27/01/16 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

5.

| | |
|---|---|
| പ്രോജക്റ്റ് | കണ്ണംപറമ്പ് -ഒഴുകുപാറ കനാൽബണ്ട് റോഡ് നിർമ്മാണം |
| പ്രോജക്റ്റ് നം. | S0214/15-16 |
| അടങ്കൽ | 225000/- |
| ചെലവ് | 163492/- |
| ബിൽ. നം,തീ./ ഡി.ഡി.നം | 145943/30.01.16 |

| | |
|---|---|
| അളവ് പുസ്തകം | 50/15-16 |
| കൺവീനർ | എ.ഡി.റാഫേൽ |
| എഗ്രിമെൻറ് | 50/AE/LSGD/VNGR/15-16/DT.30/12/15 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

6.

| | |
|---|---|
| പ്രോജക്ട് | മേയ്ക്കപ്പാല കുത്തുകുഴി ഫാം റോഡ് |
| പ്രോജക്ട് നം. | S0213/15-16 |
| അടങ്കൽ | 280000/- |
| ചെലവ് | 243156/- |
| ബിൽ. നം,തീ./ ഡി.ഡി.നം | 146801/22.02.16 |
| അളവ് പുസ്തകം | 8/15-16 |
| കൺവീനർ | കെ.എം.റോയി |
| എഗ്രിമന്റ് | 8/AE/LSGD/VNGR/15-16/DT.23/09/15 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് അപാകതകൾ ചുവടെ കൊടുക്കുന്നു :-

1. ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ, പി.വി.ഐ.പി .സബ്ഡിവിഷൻ അസി. എഞ്ചിനീയർ, പി.വി.ഐ.പി സെക്ഷൻ 3/6 പെരുമ്പാവൂരിനെ അറിയിക്കേണ്ടതും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട അസി.എഞ്ചിനീയർ, അസി.എക്സി. എഞ്ചിനീയർ എന്നിവർ പ്രവൃത്തി പ്രദേശം പരിശോധിക്കുന്നതും അതിർത്തി നിർണ്ണയിക്കുന്നതുമാണ്. എന്നാൽ ഇത്തരം ഒരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.
2. ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ, പി.വി.ഐ.പി. സബ് ഡിവിഷൻ നം. 6 പെരുമ്പാവൂർ, അസി.എക്സി. എഞ്ചിനീയറുമായി കരാർ ഒപ്പിടേണ്ടതാണ്. കരാർ ഒപ്പിടുന്ന തീയതി മുതൽ മാത്രമേ നിരാക്ഷേപപത്രത്തിന് പ്രാബല്യത്തിൽ വരുകയുമുള്ളു. എന്നാൽ ഇത്തരമൊരു കരാർ പഞ്ചായത്ത് ചമച്ചിട്ടില്ല.
3. പ്രവൃത്തിയുടെ പണം നൽകുന്നതിന് മുമ്പ് പി.വി.ഐ.പി സെക്ഷൻ 3/6, അസി. എഞ്ചിനീയറിൽ നിന്നും സൈറ്റ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിക്ക് ഇത്തരമൊരു സർട്ടിഫിക്കറ്റ് പഞ്ചായത്ത് നേടിയിട്ടില്ല.
4.പ്രവൃത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് മുൻപ് തന്നെ പ്രവൃത്തിക്ക് ആവശ്യമായ നിരാക്ഷേപ പത്രത്തിന് അപേക്ഷിച്ചിരുന്നുവെങ്കിൽ ആയത് ലഭ്യമാകുമായിരുന്നു. എന്നാൽ അത്തരമൊരു നടപടി പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.
പഞ്ചായത്ത് കനാലിനോടനുബന്ധിച്ച പ്രവൃത്തി സ്വന്തം നിലയിൽ ഏറ്റെടുക്കുകയും യഥാർത്ഥ ഉടമസ്ഥന്റെ അനുമതി ലഭിക്കാതെയുമാണ് പ്രവൃത്തികൾ ചെയ്തതെന്നും മേൽ അപാകതകളിൽ നിന്നും വ്യക്തമാണ്. പ്രവൃത്തി നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 1854421/-രൂപയുടെ (56160 + 468538 + 509082 + 413993 + 163492 + 243156) ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-10 <u>വിനിയോഗ സാക്ഷ്യപത്രം</u>

താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്ധ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു :-

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/തീ. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | തുക | |
|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് പ്രത്യേകലൈൻ വലിക്കൽ | 223283/ 14.7.15 | 761540 | 761540 |
| KSEB | കോഴിക്കോട്ടു കുളങ്ങര അങ്കണവാടി, വെട്ടുവളവ് അങ്കണവാടി-വൈദ്യുതി കണക്ഷൻ | 223291/ 14.7.15 | 36700 | 36700 |
| KSEB | സ്ട്രീറ്റ് ലൈറ്റ് പ്രത്യേക ലൈൻ വലിയ്ക്കൽ | 226617/ 28.9.15 | 59970 | 59970 |
| KSEB | കണ്ണൂർ കവല ലിഫ്റ്റ് ഇറിഗേഷൻ ഇലക്ട്രിഫിക്കേഷൻ | 223290/ 14.7.15, 229580/ 30.10.15 | 241850 | 241850 |
| KWA | ചുരത്തോട് അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ | 148134/ 16.3.16 | 15000 | 15000 |
| KWA | കോഴിക്കോട്ടു കുളങ്ങര അങ്കണവാടി വാട്ടർ കണക്ഷൻ | 146995/ 25.2.16 | 19500 | 19500 |
| GWD | കണ്ണംപറമ്പ് കൊള്ളിമറ്റം എസ്.സി. കോളനി കുഴൽ കിണർ | 149922/ 31.3.16 | 40000 | 40000 |
| GWD | പാണിയേലി എൽ പി എസ് കുഴൽകിണർ, മോട്ടോർ പമ്പ് | 225740/ 24.8.15 | 35090 | 35090 |
| Kudumbasree, Dist co-ordinator | മീഡിയാശ്രീ | 145563/ 27.1.16 | 65000 | 65000 |
| ആകെ | | | | 1274650 |

മേൽ പ്രവൃത്തികൾ സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 അങ്കണവാടികളുടെ വെള്ളക്കരം കുടിശികയടച്ചത്

2015-16 വർഷം അങ്കണവാടികളുടെ വെള്ളക്കരം കുടിശിക ഇനത്തിൽ 228414/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്, വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടികളുടെ വെള്ളക്കരം കുടിശിക അടയ്ക്കൽ |
| പ്രോജക്ട് നം | SO0234/16 |
| അടങ്കൽ | 401792 |
| ചെലവ് | 228414/- |
| ബിൽ നം./ചെക്ക് നം. | 148132/16-03-2016 |
| നിർവ്വഹണം | സെക്രട്ടറി |

1.ഇത്രയും തുക കുടിശിക വരികയും ആയതിന് വേണ്ടി പ്രോജക്ട് തുക വകയിരുത്തുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല.
2. സർക്കാർ ഉത്തരവുകൾ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണവും, മേൽനോട്ടവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്.

ആയതിനാൽ മേൽ വിവരിച്ച തുക കുടിശികയായത് മേൽനോട്ടത്തിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകത നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## 3-12 പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകൾ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്ത പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് വേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി 14-01-2016 തീയതിയിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ തീരുമാനം നം. 23(4) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 04.02.2016ൽ എ2-3748/15 നമ്പർ പ്രകാരം എക്സിക്യൂട്ടീവ്എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, ആലുവ മുമ്പാകെ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി കമ്മിറ്റി തീരുമാനം നടപ്പിലാക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ പൊതു ടാപ്പുകൾ റദ്ദ് ചെയ്യാത്തതിനാൽ പ്രതിമാസം ലക്ഷങ്ങളുടെ നഷ്ടം സംഭവിക്കുന്നുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു :-

| | |
|---|---|
| പൊതു ടാപ്പുകളുടെ എണ്ണം | 477 |
| ആകെ വാർഡ് | 15 |
| നിലനിർത്തേണ്ട ടാപ്പുകളുടെ എണ്ണം (ഓരോ വാർഡ് പ്രകാരമുള്ള ലിസ്റ്റ് പ്രകാരം) | 145 |
| ഒഴിവാക്കേണ്ട പൊതു ടാപ്പുകളുടെ എണ്ണം | 332 |
| ഒരു ടാപ്പിന്റെ വാർഷിക വെള്ളക്കര നിരക്ക് | 15,250 |
| ഒരു മാസത്തേക്കുള്ള വെള്ളക്കര നിരക്ക് | 15250/12 = 1,271 |
| 332 ടാപ്പുകൾക്ക് ഒരു മാസത്തേക്കുള്ള വെള്ളക്കര നിരക്ക് | 332X1271= 4,21,972 |
| 2/2016 മുതൽ 12/2016 വരെ 332 ടാപ്പുകൾക്കുള്ള ആകെ വെള്ളക്കര നിരക്ക് | 421972x11മാസം=46,41,692 |

മേൽപ്രകാരം പ്രതിമാസം വെള്ളക്കരമിനത്തിൽ വരുന്ന അധികച്ചെലവ് പരിഹരിക്കുന്നതിന് നാളിതുവരെ പഞ്ചായത്ത് നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ - അപാകതകൾ

പാലിയേറ്റീവ് കെയർ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ |
| പ്രോജക്ട് നം | SO008/15-16 |
| അടങ്കൽ | 400000/- |
| ചെലവ് | 382050/- |
| ബിൽ നം./ചെക്ക് നം. | 1. CB 11/15-16/26-03-2013-177770/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി വേങ്ങൂർ |

1. പാലിയേറ്റീവ് കെയറിന് വേണ്ടി 1,02,000/- രൂപയുടെ മരുന്ന് കോതമംഗലം HMC മെഡിക്കൽ സ്റ്റോറിൽ നിന്നും വൗച്ചർ നം.38/16 പ്രകാരം വാങ്ങിയിട്ടുണ്ട്. (ഡി.ഡി.നം.149004 / 29.03.2016)
2. പാലിയേറ്റീവ് കെയറിന് HMC യിൽ നിന്നും നേരിട്ടാണ് മരുന്ന് വാങ്ങിയത്.
3. മരുന്ന് വാങ്ങിയതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും നോൺ–അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

4. മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇഷ്യൂ ചെയ്തിട്ടില്ല.
5. പാലിയേറ്റീവ് കെയറിന് വേണ്ടി ഉപകരണങ്ങൾ വാങ്ങിയത് ക്വട്ടേഷൻ പ്രകാരമല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി)259/2010 ത.സ്വ.ഭ.വ 08-11-2010) പ്രകാരം 5000ന് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ രീതി ആണ് ഉപയോഗിക്കേണ്ടത്.
6. പാലിയേറ്റീവ് കെയറിന് ഭവന സന്ദർശനം നടത്തുന്നതിലേക്കായി വാഹനം വാടകയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്. (KL-40-J-4667 ബേസിൽ ജേക്കബ്). ആയതിന് 648/- രൂപ വാടകയായി നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ഈ പ്രവൃത്തി ഏൽപ്പിച്ചത്.

പദ്ധതി നടത്തിപ്പിലെ മേൽ അപാകതകൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## 3-14 നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു.

അസി.സെക്രട്ടറി 10 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച മുഴുവൻ പ്രോജക്ടുകളും നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ആയത് നിർവ്വഹണം നടത്തിയതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ :-നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരം

| നം. | പ്രോജക്ട് പേര്/നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ കസേര/SO16/16 | 3,20,000 | 2,21,000 |
| 2 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ കസേര SO17/16 | 1,60,000 | 1,12,200 |
| 3 | വീട് പുനരുദ്ധാരണം - എസ്.സി.SO32/16 | 3,90,000 | 3,00,000 |
| 4 | കുടിവെള്ള കണക്ഷൻ - എസ്.സി. (new)SO47/16 | 96,000 | 18,000 |
| 5 | കുടിവെള്ള കണക്ഷൻ -ടി.സ്.പി.(new)106/16 | 66,000 | 6,000 |
| 6 | ആശ്രയ പദ്ധതി പ്രകാരം ഭക്ഷണവും മരുന്നും ലഭ്യമാക്കൽ165/16 | 2,12,721 | 2,12,721 |
| 7 | കുടിവെള്ള കണക്ഷൻ - എസ്.സി.223/16 | 72,000 | 54,000 |
| 8 | പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് അഡ്മിഷൻ ധനസഹായം223/16 | 3,00,000 | 3,00,000 |
| 9 | എസ്.ടി.വിഭാഗം വീട് വയറിംഗ്.228/16 | 24,000 | 8,000 |
| 10 | എസ്.ടി.വിഭാഗം വീട് മെയിന്റനൻസ്.229/16 | 60,000 | 30,000 |
| | ആകെ | 17,00,721 | 12,61,921 |

1. പ്രത്യേക ഘടക പദ്ധതികളായ എസ്.സി.പി., ടി.എസ്.പി.എന്നീ പ്രോജക്ടുകളാണ് അസി.സെക്രട്ടറി നിർവ്വഹണം നടത്തിയിരിക്കുന്നത്. മേൽ വിവരിച്ച പ്രോജക്ടുകൾ വഴിയുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ, അവർ പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പുകളിൽ നിന്നും മേൽ ആനുകൂല്യങ്ങൾ സ്വീകരിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ് വഴി ആനുകൂല്യങ്ങൾ വിവിധ പദ്ധതികളായി നൽകാറുണ്ട്. ഭവന പുനരുദ്ധാരണം,കുടിവെള്ള കണക്ഷൻ പോലെ യുള്ള പ്രോജക്ടുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്താറുണ്ട്. അസി.സെക്രട്ടറി നിർവ്വ ഹണം നടത്തിയത് വഴി ആനുകൂല്യങ്ങൾ ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിക്കുന്നില്ല. ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം ഇല്ലാത്തത് വീണ്ടും ആനുകൂല്യങ്ങൾ ലഭിച്ചവർക്ക് തന്നെ ലഭിക്കുവാൻ

സാദ്ധ്യതയുണ്ട്. പ്രോജക്ട് നം.**SO223/16** പ്രകാരമുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് അഡ്മിഷൻ ധനസഹായം എന്ന പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി ആതിര കെ വിജയൻ എന്ന വിദ്യാർത്ഥി ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റ് (നം. 10987960-കുന്നത്തുനാട് താലൂക്ക് ഓഫീസ്) എസ്.സി./ എസ്.റ്റി. ഡവലപ്മെന്റ് ഓഫീസ് ക്രൂവപ്പടി മുമ്പാകെ ഹാജരാക്കുവാനായി ലഭിച്ചതാണ്.ഇത് എസ്.സി./എസ്.റ്റി.ഡവലപ്മെന്റ് ഓഫീസ് ക്രൂവപ്പടിയിൽ നിന്നും ആനുകൂല്യത്തിനായി നൽകിയതാണെന്ന് മനസ്സിലാകുന്നു.ആയതിനാൽ നിർവ്വഹണം നടത്തിയതിലെ ഈ അപാകതകയ്ക്ക് വിശദീകരണം ഓഡിറ്റിന് നൽകേണ്ടതാണ്.

2. പ്രോജക്ട് നം.**SO223/16** പ്രകാരമുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് അഡ്മിഷൻ ധനസഹായം എന്ന പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി.ചിപ്പി.എ.കെ. യുടെ റേഷൻ കാർഡ് (നം.1738004142)പ്രകാരം പിതാവായ അയ്യപ്പൻ ഗവ. ജീവനക്കാരനാണ്. ഗ്രാമ പഞ്ചായത്തിൽ എസ്.സി. ഗുണഭോക്താക്കളുള്ളപ്പോൾ വരുമാനം കൂടുതലുള്ള കുടുംബത്തിന് ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

3.പ്രോജക്ട് നം. SO016/16 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ കസേര എന്ന പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. അരുണിമ.കെ.രാജിന്റെ റേഷൻ കാർഡ് (നം.1738027423)പ്രകാരം പിതാവായ രാജൻ ഗവ. ജീവനക്കാരനാണ്. ഗ്രാമ പഞ്ചായത്തിൽ എസ്.സി.ഗുണഭോക്താക്കളുള്ളപ്പോൾ വരുമാനം കൂടുതലുള്ള കുടുംബത്തിന് ആനുകൂല്യം നൽകിയതിന് വിശദീകരണം അറിയിക്കേണ്ടതാണ്.

4. രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നുണ്ടെങ്കിലും ആയവ കൈപ്പറ്റിയതായി രേഖകളില്ല.

5. SO 17/16 പ്രൊജക്റ്റ് പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ / കസേര എന്നിവ നൽകുന്നതിനായി 1,12,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. 33 വിദ്യാർത്ഥികൾക്ക് കൊടുക്കേണ്ട മേശ, കസേര എന്നിവയിൽ 3 എണ്ണം വീതം മാത്രമാണ് വിതരണം ചെയ്തത്. 30 എണ്ണം വീതം പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയതിനാൽ വിതരണം ചെയ്യാത്ത 30 എണ്ണം വീതം മേശയുടേയും കസേരയുടേയും തുകയായ 1,02,000/- രൂപയുടെ [30x (2450+900)] ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തവും ഉചിതവുമായ മറുപടി ലഭ്യമാക്കേണ്ടതും പഞ്ചായത്ത് നിർബന്ധമായും പദ്ധതി നടത്തിപ്പിലെ ഇത്തരം അപാകതകൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 300000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | ഇല്ല | 300000 |
| ജില്ലാപഞ്ചായത്ത് | 2015-16 | 200000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | ഇല്ല | 200000 |
| കേന്ദ്രവിഹിതം | 2015-16 | 254447 | അനുപൂരക പോഷകാ ഹാരം | 254447 | - |

| | | | | | |
|---|---|---|---|---|---|
| | | | വിഹിതം | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/തീ. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് പ്രത്യേകലൈൻ വലിക്കൽ | 223283/14.7.15 | 761540 | 761540 | - |
| KSEB | കോഴിക്കോട്ടു കുളങ്ങര അങ്കണവാടി, വെട്ടുവളവ് അങ്കണവാടി-വൈദ്യുതി കണക്ഷൻ | 223291/14.7.15 | 36700 | 36700 | - |
| KSEB | സ്ട്രീറ്റ് ലൈറ്റ് പ്രത്യേക ലൈൻ വലിയ്ക്കൽ | 226617/28.9.15 | 59970 | 59970 | - |
| KSEB | കണ്ണൂർ കവല ലിഫ്റ്റ് ഇറിഗേഷൻ ഇലക്ട്രിഫിക്കേഷൻ | 223290/14.7.15, 229580/30.10.15 | 241850 | 241850 | - |
| KWA | ചുരത്തോട് അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ | 148134/16.3.16 | 15000 | 15000 | - |
| KWA | കോഴിക്കോട്ടു കുളങ്ങര അങ്കണവാടി വാട്ടർ കണക്ഷൻ | 146995/25.2.16 | 19500 | 19500 | - |
| GWD | കണ്ണം പറമ്പ് കൊള്ളിമറ്റം എസ്.സി. കോളനി കുഴൽ കിണർ | 149922/31.3.16 | 40000 | 40000 | - |
| GWD | പാണിയേലി എൽ പി എസ് കുഴൽകിണർ, മോട്ടോർ പമ്പ് | 225740/24.8.15 | 35090 | 35090 | - |
| Kudumba sree, Dist co-ordinator | മീഡിയാശ്രീ | 145563/27.1.16 | 65000 | 65000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.(സാ) നം.952/10 /ത.സ്വ.ഭ.വ, തിരു.19/3/10 | 11080000 | 4544068 | 600000 | 288860 | 3944068 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

RP-10-ൽ ഓഡിറ്റ് റിക്കവറിയിനത്തിൽ 31/-രൂപയുടെ വരവുണ്ടെങ്കിലും ഒറിജിനൽ രസീതുകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 37 | 2003-04 | 7.1 | അനർഹരായ പത്ത് പേർക്ക് 145000/- രൂപ ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകി | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2000-01 | 46 | 2003-04 | 7.2 | പാണംകുഴി ബാലവാടി വികസനം - പ്രവൃത്തി നടത്തിയതിലെ അപാകതകൾ-11700/-രൂപയുടെ നഷ്ടം | റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,70,45,269.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,13,66,412.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 52,881.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,180.65 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,51,851.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 52881.00 | - | ബേബി പോൾ,സെക്രട്ടറി |
| 3-1 | - | 47762.65 | ബേബി പോൾ,സെക്രട്ടറി |
| 3-2 | - | 418.00 | മുകൾ എസ്. വി,വി.ഇ.ഒ |
| ആകെ | 52881.00 | 48180.65 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 240000.00 | എബ്രാഹാം വി റാഫേൽ,വെറ്റിനറി സർജൻ |
| 3-4 | 3400.00 | ജാനറ്റ് പോൾ, അസി.സെക്രട്ടറി |
| 3-5 | 140000.00 | മുകൾ എസ്. വി,വി.ഇ.ഒ |
| 3-6 | 75000.00 | എബ്രാഹാം വി റാഫേൽ,വെറ്റിനറി സർജൻ |
| 3-7 | 58380.00 | എബ്രാഹാം വി റാഫേൽ,വെറ്റിനറി സർജൻ |
| 3-8 | 4000.00 | മുകൾ എസ്. വി,വി.ഇ.ഒ |
| 3-9 | 1854421.00 | അനു ബേബി,അസി.എഞ്ചിനീയർ |
| 3-10 | 1274650.00 | 798240-കെ.മുരളീധരൻ,സെക്രട്ടറി |
| | | 476410-ബേബി പോൾ,സെക്രട്ടറി |
| 3-14 | 1,02,000.00 | ജാനറ്റ് പോൾ, അസി.സെക്രട്ടറി |
| ആകെ | 3751851.00 | - |

**(സി)** <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

<u>ഇല്ല.</u>

**(ഡി)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>.

<u>ഇല്ല.</u>

**(ഇ)** <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബേബി പോൾ, സെക്രട്ടറി | സെക്രട്ടറി, വേങ്ങൂർ ഗ്രാമ പഞ്ചായത്ത് | പരിയാരത്ത്, ഇഞ്ചൂർ, കോഴിപ്പിള്ളി, കോതമംഗലം |
| മുകുൾ എസ്. വി, വി.ഇ.ഒ | വി.ഇ.ഒ, വേങ്ങൂർ ഗ്രാമ പഞ്ചായത്ത് | എലവുംകുടി വീട്, വേങ്ങോല, പെരുമ്പാവൂർ |

# 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 to 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി2)787/15/തീ.22.9.15 | 95 |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 11 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 10 |
| 2007-08 to 2010-11 | എൽ എഫ് ഇ (പി2)1612/12 തീ.1.9.12 | 11 |
| 2011-12 to 2012-13 | എൽ എഫ് ഇ (പി2)602/15 തീ.08.06.15 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി2)981/16/തീ.27.6.16 | - |

ജോയിൻറ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി2)2243/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 31.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.2)2243/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 31.01.2017

Certified that I have audited the Annual Financial Statement of VENGOOR Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of VENGOOR Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)